



# കോടതി എന്തുവിധിച്ചാലും കമ്പനി പ്രവർത്തിക്കാൻ അനുവദിക്കില്ല : എൻ. എൻ. കൃഷ്ണദാസ്

**പാലക്കാടിന്റെ പാർലിമെന്റംഗവും സി.പി.ഐ. (എം.) നേതാവുമായ കൃഷ്ണദാസ് കേരളീയത്തിനു നൽകിയ പ്രത്യേക അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ.**

**കേട്ടെഴുതിയത് : എസ്. ലിമ**



***? പാർലമെന്റിൽ നിങ്ങൾ ചോദ്യങ്ങളായിട്ടും കമന്റുകളായിട്ടും മറ്റു രീതികളിലും എം. പി. എന്ന രീതിയിലിടപ്പെട്ടിട്ടുള്ള സംഗതികളെ വിശദീകരിക്കാമോ?***

അത് ഒന്ന് - ഒന്നരവർഷം മുമ്പായിരിക്കും. അത് ഞാൻ പാർലിമെന്റിലുന്നയിക്കുകയാണ് ചെയ്തത്. ഈ കോളേജിൽ വിഷാംശം എന്നൊക്കെ പറഞ്ഞിട്ടുള്ള - നാരായണൻജിയുടെ ഒരു പത്രസമ്മേളനം ഡൽഹിയിൽ നടത്തി. അതന്ന് കുറച്ച് സെൻസിറ്റിവായിട്ടുള്ള വാർത്ത വന്നു. ഈ വാർത്തയുടെ അടിസ്ഥാനത്തൽ തൊട്ടു പിറ്റേ ദിവസം പാർലമെന്റിൽ സീറോ അവറിൽ ഞാനാണ് ഉന്നയിച്ചത് - ഞാനും അനിൽ ബസുവുമാണ്. പിന്നെ മുലായം സിങ്ങിന്റെ പാർട്ടിയിലെ രാംജിലാൽ സുമൻ - പിന്നെ മുലായംസിങ്ങിന്റെ പാർട്ടിയിലെ രാംജിലാൽ സുമൻ ഉന്നയിച്ചു. അതിന്റെ കൂട്ടത്തിൽ ഞാനീ പ്ലാച്ചിമട പ്രശ്നം കൂടെ പറഞ്ഞു. ഇങ്ങനെ ഇത് ബോട്ടിൽ ചെയ്തിട്ടുള്ള സംഗതി മാത്രമല്ല. ബോട്ട്ലിംഗ് സ്ഥലങ്ങളിൽ തന്നെ ഇത് സൃഷ്ടിക്കുന്ന പൊലുഷൻ, ഗ്രൗണ്ട് വാട്ടർ എക്സ്പ്ലോയിറ്റേഷൻ, അത് അവിടെ സൃഷ്ടിക്കുന്ന പാരിസ്ഥിതികമായിട്ടുള്ള വിഷയങ്ങൾ.

അനിയന്ത്രിതമായ ചൂഷണത്തിന്റെ പേരിൽ പാരിസ്ഥിതികമായ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അതിനു പുറമെ മറ്റു പൊലൂഷനുകളും ഉണ്ടാക്കുന്നു. പിന്നെ ഒരു പാനീയമെന്ന നിലയ്ക്ക് ഇതിൽ അളവിൽ കൂടിയ വിഷാംശങ്ങളും ഇതിന്റെ ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്ന മറ്റ് ആരോഗ്യ പ്രശ്നങ്ങൾ. ഇതെല്ലാം കൂടി ചേർത്തിട്ടുള്ള ഒരു പൊതുപ്രശ്നം തന്നെയാണ്. അതുകൊണ്ട് ഇത് ഗൗരവമായി നിരോധിക്കലുൾപ്പെടെയുള്ള കാര്യങ്ങൾ ചിന്തിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം, എന്നായിരുന്നു ഞാനാവശ്യപ്പെട്ടത്.

ആ ഡിബേറ്റിൽ തന്നെയായിരുന്നു വളരെ പെട്ടെന്ന് അന്നി പാർലമെന്റ് സമുച്ചയത്തിന്റെ അകത്ത് ഭക്ഷ്യകാര്യങ്ങളെക്കുറിച്ചന്വേഷിക്കാനുള്ള ഒരു കമ്മിറ്റിയുണ്ട്. അവിടുത്തെ ഒരു കേറ്ററിങ്ങ് കമ്മിറ്റി. ആ കമ്മിറ്റിയുടെ അന്നത്തെ നോമിനേറ്റ് ചെയ്യപ്പെട്ട ചെയർമാൻ ഇ. അഹമ്മദാണ്. അദ്ദേഹം ഈ ഇഷ്യൂ ചൂടായി വന്നപ്പോൾ ഇടപെട്ട് - Within the capacity of chairman I myself declare in the parliament ഈ കമ്മിറ്റി പാർലമെന്റിനകത്ത് കോള ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിരിക്കുന്നു എന്ന്. അതോടുകൂടി കോള, ഉൽപ്പന്നങ്ങൾ പാർലമെന്റിൽ വില്പനയില്ല. ഇതെല്ലാം കൂടി ഒരു ദിവസമാണ് സംഭവിച്ചത്.

***? ജെ.പി.സി. റിപ്പോർട്ട് വന്നതിനുശേഷം എന്തെങ്കിലും ചോദ്യമോ മറ്റോ ...***

ജെ.പി.സി. റിപ്പോർട്ട് വരലും പാർലമെന്റ് പിരിച്ചുവിടലും ഒരുമിച്ചാണുണ്ടായത്.

***? പുതിയ പാർലമെന്റിൽ വല്ലതും***

പുതിയ പാർലമെന്റിലിതിനെക്കുറിച്ചൊരു ഗൗരവകരമായ ചർച്ച വന്നിട്ടില്ല. അത് സീരിയസ്സായിട്ട് തന്നെ പാർലമെന്റിന്റെ മുമ്പിലേക്ക് കൊണ്ടുവരണം. വെറുതെ ഉന്നയിച്ചാൽ പോര. അപ്പോൾ, അതിന് പലപ്പോഴും പല പ്രധാനപ്പെട്ട സെൻസിറ്റീവ് പ്രശ്നങ്ങൾ വരുമ്പോൾ, ഇതങ്ങനെയാണ് ഫോർ ഫ്രണ്ടിലേക്ക് വരാൻ പറ്റാത്ത ഒരു സാഹചര്യമുണ്ട്.

***? പ്ലാച്ചിമട പ്രശ്നത്തിൽ ബഹുരാഷ്ട്ര കുത്തകയ്ക്കെതിരായ സമരമുണ്ട്. ഇംപീരിയലിസത്തിനെതിരായ സമരം എന്നു വേണമെങ്കിൽ പറയാം. കുടിവെള്ളം മലനീകരിക്കപ്പെട്ടു എന്ന പ്രശ്നം ഉണ്ട്. കുടിവെള്ളം അനധികൃതമായി ചോർത്തി എന്ന പ്രശ്നമുണ്ട്, ഒരു ബഹുരാഷ്ട്ര കുത്തക ഇവിടുത്തെ വിഭവങ്ങൾ ചോർത്തി എന്ന പ്രശ്നം ഇതിലുണ്ട്. അതുപോലെതന്നെ ആഗോളവൽക്കരണത്തിനെതിരായ സമരം അങ്ങനെ പല പ്രശ്നങ്ങളുണ്ട്. അങ്ങയുടെ കാഴ്ചപ്പാടിൽ കൊക്കകോളയ്ക്കെതിരായ പ്ലാച്ചിമടയിലെ സമരം എങ്ങനെയാണ് ? നിങ്ങൾ കാണുന്നത് ? നിങ്ങളേതിനൊക്കെയാണ് മുൻഗണന കൊടുക്കുക ?***

നിങ്ങൾ സൂചിപ്പിച്ചതുപോലെ തന്നെ വളരെ വിപുലമായിട്ടുള്ള ബന്ധങ്ങൾ ഇതിനുണ്ട്. ഈ സമരത്തെ എയിം ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് വളരെ ബ്രോഡായിട്ടു ചിന്തിച്ചാൽ ഇംപീരിയിലസത്തിനെതിരായ സമരമാണ്. ഇംപീരിയലിസത്തിനെതിരായ സമരമെന്നു വച്ചാൽ, ഈ കാലഘട്ടങ്ങളിൽ ഇംപീരിയലിസത്തിനുതന്നെ വന്നിട്ടുള്ള വ്യത്യാസങ്ങളാണ്. സാമ്രാജ്യത്വത്തിനുവന്ന രൂപഭാവങ്ങളിലെ വ്യത്യാസം. രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് സൈന്യമുപയോഗിച്ച് രാഷ്ട്രങ്ങളെ പോയി കീഴടക്കി, അവിടെപോയി ഭരണം നടത്തി. അവിടുത്തെ റിസോഴ്സ് എക്സ്പ്ലോയിറ്റ് ചെയ്തിട്ട് അവിടെ കോളനി എന്നുള്ള നിലയിൽ അവരെ ഭരിയ്ക്കുക എന്നുള്ള സ്വഭാവത്തിൽ നിന്നും മാറ്റം വന്ന്, ഇപ്പോൾ മൂലധനം ഉപയോഗിച്ചിട്ടാണ് എക്സ്പ്ലോയിറ്റേഷൻ. മൂലധനത്തിന്റെ വ്യാപനത്തിന് തടസ്സങ്ങളില്ലാതെയാക്കാൻ, അതിന്

മൂലധനത്തെ വളരെ ഒബീഡിയന്റായി സ്വീകരിച്ചാൽ ഓരോ രാഷ്ട്ര സമൂഹങ്ങളെയും പ്രാപ്തരാക്കുക - അവരെ അതിന് രൂപപ്പെടുത്തിയെടുക്കുക - പാകപ്പെടുത്തിയെടുക്കുക. ഈ നിലയ്ക്ക് സാമ്രാജ്യത്വത്തിന് അതിന്റെ പരിചേദനത്തിൽ തന്നെ മാറ്റം വരുത്തുക. മൂലധനം ഉപയോഗിച്ചിട്ടുതന്നെയാണ് പ്രധാനപ്പെട്ട എക്സ്പ്ലോയിറ്റേഷൻ. അതിന് തടസ്സം വരുമ്പോ ഴാണ് സൈന്യം കൊണ്ടതിനെ അടിച്ചമർത്തുന്നത്. പക്ഷേ മൂലധനം തന്നെയാണ് സാമ്രാജ്യത്തിന്റെ ചൂഷണത്തിനുപ യോഗിക്കുക. അപ്പോൾ ആ കാര്യത്തിൽ ഒരു തരത്തിൽ സാമ്രാജ്യത്വത്തിനെതിരായിട്ടുള്ള ഒരു സമരമാണ് എം.എൻ. സികൾക്കെതിരായിട്ടുള്ള സമരം. അതു വസ്തുതയാണെങ്കിൽ പോലും ഒരു ബ്രോഡ് വ്യൂവിലതു കറക്റ്റാ. പക്ഷേ പ്ലാച്ചിമട യിലതു കുറച്ചുകൂടി വ്യത്യാസപ്പെടുന്നുണ്ട്. അതെങ്ങനെ യാണ് വ്യത്യാസപ്പെടുന്നതെന്ന് വച്ചാൽ പ്ലാച്ചിമടയിലെ ഈ സമരത്തിൽ വലിയ തോതിൽ ജനങ്ങൾ പങ്കാളികളാവുന്ന തും, പ്രഥമദൃഷ്ട്യാതന്നെ ഈ സമരം ന്യായീകരിക്കപ്പെടു ന്നതുമായ വസ്തുതകൾ ഒരു ബ്രോഡ് മൈൻഡിൽ സാമ്രാ ജ്യത്വവിരുദ്ധരായി ചിന്തിക്കുന്നവർക്കുണ്ടാകാം. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയ്ക്ക് ഞങ്ങൾ സാമ്രാജ്യത്വ ത്തിനെ പൊളിറ്റിക്കലായി വീക്ഷിക്കുന്നത് മനസ്സിലാക്കാം. കമ്മ്യൂണിസ്റ്റല്ലാത്ത ആൾ പോലും ഈ പറഞ്ഞ സാമ്രാജ്യ ത്വത്തെ കിട്ടുന്നിടത്തൊക്കെ വച്ച് തകർക്കുക എന്ന ലക്ഷ്യ മൊന്നുമില്ലാത്തവരുൾപ്പെടെ ഈ സമരത്തിൽ വരുന്നതിന്റെ പ്രധാനപ്പെട്ട കാരണം എന്താണ് ? പർട്ടിക്കുലറായി ഇത് സൃഷ്ടിച്ചിരിക്കുന്നത് ഇവിടുത്തെ ചില പ്രത്യേക പ്രശ്നങ്ങ ളാണ്. മൂന്നു കാര്യങ്ങളാണതിനു പിന്നിലുള്ളത്. അതിലൊന്ന് അൺലിമിറ്റഡായിട്ട് ഗ്രൗണ്ട് വാട്ടർ എക്സ്പ്ലോയിറ്റ് ചെയ്യുന്നു - ഇവർക്കെന്താണധികാരം ഇതിന് ?

***? കൊക്കകോളയുടെ മലിനീകരണം പ്രശ്നമുള്ളതു കൊണ്ട് കിണറുകളിലെ വെള്ളം മലിനീകരിക്കപ്പെട്ടു എന്നുള്ള നിലയിലാണ്, ആദിവാസികളും പ്രദേശവാസി കളായിട്ടുള്ള ആൾക്കാർ ജലചൂഷണം പോലെതന്നെ ഒരു മുഖ്യപ്രശ്നമായുന്നയിച്ചിട്ടാണ് സമരം തുടങ്ങി വച്ചി രുന്നത്. അന്ന സമരത്തിന്റെ പ്രധാനാവശ്യങ്ങളിലൊന്ന് കൊക്കകോള കമ്പനി ഇവിടെ വിടുകയെന്നുള്ളതുമാണ്. അവരുടെ കുടിവെള്ളം വറ്റുകയും അവരുടെ അവകാ ശവും തൊഴിലുകളും മറ്റും നഷ്ടപ്പെടുത്തിയ കമ്പനി നഷ്ടപരിഹാരം നൽകി ഇവിടം വിടുകയെന്നതാണ് ഒരു മുദ്രാവാക്യം വച്ച് ഇപ്പോഴും അവർ സമരം ചെയ്യുന്നത് അവിടെ അതിനു വേണ്ടിയിട്ടാണ്. പക്ഷേ കൊക്കകോള കമ്പനി മൂലമാണ് മലിനീകരണമുണ്ടായിട്ടുള്ളതെന്ന് തെളിയിക്കാൻ നമുക്ക് കഴിഞ്ഞില്ല. കേരള-കേന്ദ്ര സർക്കാരിന്റെ പഠനങ്ങൾ നടത്തിയതൊക്കെ കൊക്ക കോളയ്ക്ക് അനുകൂലമായിട്ടുള്ള റിപ്പോർട്ടുകളാണ് വന്നത്. അപ്പോൾ എന്തുചെയ്യാം?***

ഈ പരിശോധനകൾ മുഴുവൻ നടത്തിയിട്ടുള്ള റിപ്പോർട്ടു കൾ ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. അതൊരു രസകരമായ സംഗതിയാണ്. കൊക്കകോള തന്നെയാണ് ഇതന്വേഷിപ്പി ച്ച്, ഈ റിപ്പോർട്ടൊക്കെ ഉണ്ടാക്കിയത്. നമ്മുടെ പ്രക്ഷോ ഭം, ആദ്യം ആദിവാസികളുടെ ജീവിതപ്രശ്നം. അവരെയാ ണാദ്യം ബാധിച്ചത്. അവരാണിതിന്റെ ഇരകൾ എന്നതുകൊ ണ്ട്, സ്വാഭാവികമായും അവരാണാദ്യം പ്രത്യക്ഷമായി രംഗത്തു വന്നത്. പിന്നെ അല്പാല്പം പൊതുസമൂഹ ത്തിന്റെ ചില ചലനങ്ങൾ വന്നു. മറ്റു പ്രസ്ഥാനങ്ങൾ വന്നു. ഞങ്ങളൊക്കെയിടപെട്ടു. അങ്ങനെ വല്യ ഒരു മൂവ്മെന്റാ യിട്ടു പോവുകയാണ്. ആ പ്രക്ഷോഭം ഒരു മൂവ്മെന്റായിട്ട് ഇടക്കാലത്ത് ഡെവലപ് ചെയ്തു വന്നപ്പോൾ നമ്മൾ ഗൗര വത്തിൽ അതിന്റെ ഒരു ആധികാരികമായി ഇതിനെ പറയാൻ സാധിക്കുന്ന തരത്തിൽ എന്തെങ്കിലും ഒരു സയന്റിഫിക് എക്സാമിനേഷൻ ഇതിന്റെ ഭാഗമായിട്ട് നടത്തിയിട്ടില്ല. ഗവൺമെന്റിന്റെ ഡേറ്റു ഡേ കാര്യങ്ങൾ പഠിച്ചുകൊണ്ടിരി ക്കുന്ന പൊലൂഷൻ കൺട്രോൾ ബോർഡും ഗ്രൗണ്ട് വാട്ടർ ബോർഡും മാത്രമാണ് ഇതിന്റെ മുകളിൽ ചില അഭിപ്രായ ങ്ങൾ പറഞ്ഞിട്ടുള്ളത്. ഇത് ഗ്രൗണ്ട് വാട്ടറിന്റെ കാര്യം മാത്ര മായിട്ടോ, ഇല്ലെങ്കിൽ വളരെ പരിമിതമായിട്ടുള്ള പരിശോ ധനാ സൗകര്യങ്ങൾ മാത്രമുള്ള വാട്ടർ അതോറിറ്റിയുടെ ജല പരിശോധന കേന്ദ്രം പോലെ തന്നെയെ ഈ പൊലൂഷൻ കൺട്രോൾ ബോർഡിന്റെയടുത്തു ള്ളു. അത് വളരെ സയന്റിഫിക്കായി ട്ടുള്ള കമ്മിറ്റിയൊന്നുമല്ല - അതിനൊ ന്നുമുള്ള സംവിധാനം ഇവിടെയില്ല. അതേ സമയം ഇത് വളരെ സയന്റി ഫിക്കായിട്ട് ഗൗരവതരമായിട്ട് പരിശോ ധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അങ്ങനെയൊരു പഠനം ഗവൺമെന്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തി ലാരും ഇതുവരെ നടത്തിയിട്ടില്ല. ആകെ ഗവൺമെന്റിന്റെ ഡേറ്റുഡേ കാര്യങ്ങൾ നോക്കുന്ന വ്യവസ്ഥാ പിത സ്ഥാപനമായ പൊലൂഷൻ കൺട്രോൾ ബോർഡ് ഒരു പഠനം നട ത്തിയിട്ടുണ്ട്. അവരുടെയൊക്കെ ഒരു റുട്ടീൻ രീതികളാണ്. ആ റുട്ടീൻ രീതി യിൽ മാത്രം ഒതുങ്ങുന്നതല്ല ഈ വിഷയം.

